**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4285** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ചാർജ്ജ് വർദ്ധനവ് ഇടത്തരം വീടുകളിൽ താമസിക്കുന്ന ഉപഭോക്താക്കളെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഇടത്തരം കുടുംബങ്ങളെ ബാധിക്കാത്ത ഒരു താരിഫ് പരിഷ്കരണമാണ 26.06.2022 മുതൽ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുള്ളത് ഗാർഹിക വിഭാഗം ഉപഭോക്താക്കളിൽ പ്രതിമാസം 50 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് നിരക്ക വർദ്ധന ഇല്ലാതെ 1.50 രൂപാ നിരക്കിൽ തുടർന്നും വൈദ്യുതി ലഭ്യമാക്കും. 0-50 ഉപഭോക്തൃ സ്ലാബിൽ വൈദ്യുതി ചാർജ്ജിൽ വ്യത്യാസം വരുത്തിയിട്ടില്ല. ഏകദേശം 25 ലക്ഷം ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പ്രതിമാസം 250 യൂണിറ്റ് വരെ ഉപയോഗിക്കുന്നവർക്ക് കുറഞ്ഞ താരിഫിലാണ് ബില്ല് ചെയ്തു വരുന്നത് ഇവർക്ക് കാര്യമായ വർദ്ധനവ് വരുത്തിയിട്ടില്ല. സംസ്ഥാനത്തെ ഒരു ഇടത്തരം കുടുംബത്തിന്റെ പ്രതിമാസ ഉപഭോഗം 150 യൂണിറ്റോളം വരും.<br><br>ടി സ്ലാബുകളിലെ വർദ്ധനവ് **അനുബന്ധമായി** ചേർത്തിട്ടുണ്ട്.<br><br>അതായത് ആകെയുള്ള 102 ലക്ഷം ഗാർഹിക ഉപഭോക്താക്കളിൽ ദ്വൈമാസം 300 യൂണിറ്റിൽ കുറഞ്ഞ ഉപഭോഗമുള്ള (80.84 ലക്ഷം) ഉപഭോക്താക്കളുടെ പ്രതിദിന പരമാവധി വർദ്ധനവ് 1.33 രൂപയിൽ താഴെയാണ്. കൂടാതെ നിലവിലുള്ള എല്ലാത്തരം സബ്സിഡികളും തുടരാനാണ തീരുമാനിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | സബ്സിഡി പ്രതിമാസം 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 50 പൈസയും ആണ്. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കൾക്ക് 20 രൂപ ഫിക്സഡ് ചാർജ് ഇനത്തിൽ സബ്സിഡി നൽകി വരുന്നുണ്ട്.<br><br>പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ള 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ള സാമൂഹികമായും സാമ്പത്തികമായും പിന്നാക്കാവസ്ഥയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്.<br><br>കൂടാതെ പ്രതിമാസം 41 മുതൽ 50 യൂണിറ്റ് വരെ ഉപഭോഗമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് സബ്സിഡി നൽകി, വൈദ്യുതി യൂണിറ്റൊന്നിന് 1.50 രൂപാ നിരക്കിൽ നൽകി വരുന്നു.<br><br>ജീവൻരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന രോഗികൾക്ക് വൈദ്യുതി സൗജന്യമായി നൽകി വരുന്നു. ഏകദേശം 67.5 ലക്ഷം ഉപഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. ടി സബ്സിഡികൾ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിൽ ഗണ്യമായ കുറവ് വരുത്തും. പ്രതിമാസം 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താവിന് നിലവിൽ 54 രൂപ സബ്സിഡി ലഭ്യമാകുന്നുണ്ട്. |
| (ബി) | ചാർജ്ജ് വർദ്ധനവിലൂടെ എത്ര അധിക വരുമാനമാണ് കെ.എസ്.ഇ.ബി.യ്ക്ക് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | പ്രതിവർഷം ഏകദേശം 1000 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.6% വർദ്ധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ സാമ്പത്തികവർഷം ജലവൈദ്യുത പദ്ധതികളിലൂടെയും താപനിലയങ്ങളിലൂടെയും മറ്റ് ഇതര മാർഗ്ഗങ്ങളിലൂടെയും എത്ര വൈദ്യുതിയാണ് | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളിലൂടെയും താപനിലയങ്ങളിലൂടെയും മറ്റ് ഇതര മാർഗ്ഗങ്ങളിലൂടെയും 10516.62 MU വൈദ്യുതിയാണ് |

| | | | |
|---|---|---|---|
| | ഉല്പാദിപ്പിച്ചിട്ടുള്ളതെന്നും ആയതിന് ആകെ എത്ര തുക ചെലവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | | ഉത്പാദിപ്പിച്ചത്. 2021-22 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായി വരുന്നതേയുള്ളു. 2022 ജൂലായ് അവസാനത്തോടു കൂടി കണക്കെടുപ്പ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. താൽക്കാലിക കണക്കെടുപ്പ് പ്രകാരം 2021-22-ൽ വൈദ്യുതി ഉല്പാദന ചിലവ് 532.66 കോടി രൂപയാണ്. |
| (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ ഉല്പാദനത്തിന് പുറമെ ആവശ്യമായി വന്ന വൈദ്യുതിയുടെ അളവും അതിനായി ചെലവാക്കിയ തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) സംസ്ഥാനത്തെ ഉല്പാദനത്തിനു പുറമേ 18402.516MU വൈദ്യുതിയാണ് ആവശ്യമായി വന്നത്. വൈദ്യുതി വാങ്ങിയ ഇനത്തിൽ 8554 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**പ്രതിമാസം 150 യൂണിറ്റ് വരെ ഉപഭോഗമുള്ള സ്ലാബുകളിലെ വർദ്ധനവ്**

| പ്രതിമാസ സ്ലാബ് | വർദ്ധനവ്/ യൂണിറ്റ് (പൈസ) | പ്രതിദിന പരമാവധി വർദ്ധനവ് | ഉപഭോക്താക്കളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|---|
| 0.50 | nil | nil | 25.20 |
| 51-100 | 25 | 0.80 രൂപ | 30.16 |
| 101-150 | 20 | 1.33 രൂപ | 25.48 |
| **ആകെ** | | | **80.84** |

**സെക്ഷൻ ഓഫീസർ**